പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 728

02/02/2023 ൽ മറുപടി നൽകേണ്ടിയിരുന്നത്

## മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ

| | ചോദ്യം<br><br>ശ്രീ. യു.എ.ലത്തീഫ് | | മറുപടി<br><br>കെ. കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ സംബന്ധിച്ച നിയമസഭാ ചോദ്യത്തിന് തെറ്റായ ഉത്തരം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) | മഞ്ചേരി നിയോജകമണ്ഡലത്തിലെ ചാർജിങ് പോയിന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു എന്ന കെ എസ് ഇ ബി.എൽ-ൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അത്തരത്തിൽ നിയമസഭാ ചോദ്യത്തിന് മറുപടി നൽകിയിരുന്നത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ സർവീസ് കണക്ഷൻ കൊടുത്തിരുന്നില്ല എന്നും ആയതുമൂലം ചാർജിംഗ് പോയിന്റുകൾ പ്രവർത്തനക്ഷമമായിരുന്നില്ല എന്നും കെ എസ് ഇ ബി എൽ ഇപ്പോൾ അറിയിച്ചിട്ടുണ്ട്. നിയമസഭാ ചോദ്യം സംബന്ധിച്ച തെറ്റായ വിശദാംശങ്ങൾ നൽകിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ശക്തമായ താക്കീത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ ഇനിയും പ്രവർത്തിക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | മതിയായ എർത്ത് റെസിസ്റ്റൻസ് വാല്യൂ ലഭിക്കാത്തതുകൊണ്ടാണ് ചാർജിങ് പോയിന്റുകൾ പ്രവർത്തനക്ഷമമാകാത്തത്. |
| (സി) | പ്രസ്തുത ചാർജിങ് സ്റ്റേഷനുകൾ അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് വൈദ്യുത ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത്; വിശദമാക്കാമോ? | (ഡി) | പ്രസ്തുത മണ്ഡലത്തിലെ താഴെ പറയുന്ന സ്ഥലങ്ങളിലാണ് പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്<br>1. IGBT ബസ് സ്റ്റാൻഡ്<br>2.ഹാജിയാർപടി<br>3. ചൂരക്കാവ്<br>4. ആക്കപറമ്പ്<br>5. എപ്പിക്കാട്<br>6. നെല്ലിപ്പറമ്പ്<br>7. മഞ്ചേരി-പാണ്ടിക്കാട് റോഡ്<br>8. വൈദ്യുതി ഭവനം<br>ഇവയിൽ ചൂരക്കാവ്, എപ്പിക്കാട് എന്നീ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാണ്. ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിനാൽ ശേഷിക്കുന്ന സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാകുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ